**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 823** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയിലെ സ്ഥിര നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി സ്ഥിരനിക്ഷേപം സമാഹരിക്കുന്നത് ഏത് പലിശ നിരക്കിൽ ആണെന്ന് വ്യക്തമാക്കുമോ; മറ്റു സഹകരണ സംഘങ്ങളിൽ നിന്ന് വ്യത്യസ്തമായി കൂടിയ പലിശ നിരക്കിൽ ആണോ സ്ഥിരനിക്ഷേപ സമാഹരണം നടത്തുന്നത്; എങ്കിൽ ഇത്തരത്തിൽ സ്ഥിരനിക്ഷേപം സമാഹരിക്കുന്നതിന് ഊരലുങ്കലിന് അനുമതി നൽകുന്നതിന് ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | 20.07.2023 ലെ സ.ഉ(സാധാ)നം. 434/2023/സഹ. പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957 ന് പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി സഹകരണ സംഘങ്ങൾ നൽകുന്നതിനേക്കാൾ ഒരു ശതമാനം അധിക പലിശ നിരക്കിൽ സ്ഥിരനിക്ഷേപം സ്വീകരിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. സംഘം ഏറ്റെടുത്ത സർക്കാർ/പൊതുമേഖല പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തന മൂലധനം സ്വരൂപിക്കേണ്ട സാഹചര്യം വന്നുചേർന്നതിനാലാണ് ഇത്തരം ഒരു അനുമതി നൽകിയത്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഊരാളുങ്കൽ ലേബർ സൊസൈറ്റി ആകെ എത്ര സർക്കാർ /പൊതുമേഖല പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്; എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് ഏറ്റെടുത്തത് ; ഇതിൽ ടെൻഡർ കൂടാതെ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ എത്രയെണ്ണമുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഊരാളുങ്കൽ ലേബർ സൊസൈറ്റി 4681 സർക്കാർ/ പൊതുമേഖല പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ആകെ 6511.70 കോടി രൂപയുടെ പ്രവർത്തികളാണ് ഏറ്റെടുത്തത്. ടെണ്ടർ കൂടാതെ 3613 പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ